(എ) കേരളത്തിലെ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ രണ്ടു വിഷയങ്ങളിൽ കൂടി പുതിയ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചിട്ട് എത്രകാലമായി;

(ബി) ഇത് ഇതുവരെയും തുടങ്ങാതിരിക്കുന്നതിന് സാങ്കേതിക തടസ്സം എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിച്ച് നേരത്തെ തീരുമാനിച്ചിട്ടുള്ള വിഷയങ്ങളിലെങ്കിലും പി.ജി. കോഴ്സ് ആരംഭിച്ചുകിട്ടാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇത് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഒരു വർഷം.

(ബി—ഡി) ഉണ്ട്. പ്രത്യേകം ടീച്ചിംഗ് ഫാക്കൽറ്റിയും അടിസ്ഥാന സൗകര്യങ്ങളും പുതിയ കോഴ്സ് തുടങ്ങുന്നതിന് അത്യാവശ്യമാണ്. പ്രസ്തുത കോഴ്സിലേക്ക് ആവശ്യമായ പ്രൊഫസർ തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകൾ അനുവദിച്ചു കിട്ടുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത നിർദ്ദേശത്തിൻമേൽ തീരുമാനമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ തുടങ്ങുന്നതാണ്.

ആധാരങ്ങളുടെ പകർപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ

*17 [167] ശ്രീ. സി. പി. മുഹമ്മദ്:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
,, ജോർജ്ജ് ജെ. മാത്യു:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത ആധാരങ്ങൾ വീണ്ടെടുക്കാൻ കഴിയാത്തവിധം നാശോൻമുഖമായതിനാൽ അതിന്റെ പകർപ്പ് നൽകണമെന്നാവശ്യപ്പെട്ട് ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ കിട്ടി;

(ബി) പ്രസ്തുത അപേക്ഷകൾ പ്രകാരം അവയുടെ പകർപ്പുകൾ നൽകുകയുണ്ടായോ;

(സി) ഇതിനു മുമ്പുള്ള സമാനകാലത്ത് ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ലഭിച്ച അപേക്ഷകളേക്കാൾ കൂടുതലായി ഇക്കഴിഞ്ഞ രണ്ടു വർഷക്കാലം അത്തരത്തിലുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇക്കഴിഞ്ഞ രണ്ടു വർഷക്കാലം അത്തരം അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വ്യാജ മുദ്രപത്രത്തിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളാണോ നാശോൻമുഖമായതെന്ന് കാണിച്ച് അപേക്ഷ നൽകിയതെന്ന കാര്യം അന്വേഷിക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ആധാരങ്ങളുടെ പകർപ്പിനായി ഇക്കഴിഞ്ഞ രണ്ടു വർഷം 3,21,826 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കാരണം വ്യക്തമല്ല.

(ഇ) ഇക്കാര്യവും അന്വേഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

നികുതിഭാരം കുറയ്ക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടയുന്നതിനും നടപടി

*18 [168] ശ്രീ. വി. ചെന്താമരാക്ഷൻ:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. സി. മമ്മത് കോയ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിഭാരം കുറയ്ക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ് തടയുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉത്തരവിലെ പാകപ്പിഴകൾ കാരണം ഇഷ്ടദാന-ഭാഗ പത്ര നിരക്കുകൾ കുതിച്ചുയരുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിലയാധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി പകുതിയാക്കി കുറച്ചുവെങ്കിലും ഇഷ്ടദാന-ഭാഗപത്ര രജിസ്ട്രേഷനുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly